എഫ്. സി. ഐ. യിൽനിന്നുള്ള ക്ഷ്യവിതരണം

*8 [206] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സയേം മറുപടി നൽകുമോ:

(എ) എഫ്. സി. ഐ. യിൽനിന്നുള്ള ക്ഷ്യ വിതരണം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എഫ്. സി. ഐ. യുടെ എത്ര മെയിൻ ഡിപ്പോകളും എത്ര സബ് ഡിപ്പോകളും ഉണ്ട്;

(സി) റേഷൻഷോപ്പുകളുടെ വിതരണച്ചുമതല ഇപ്പോൾ ഏതെങ്കിലും സ്വകാര്യ ഏജൻസികൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഷോപ്പുകളുണ്ട്?

ക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ജില്ലാ ആസ്ഥാന താലൂക്കുകളിൽ ഇപ്പോൾ എഫ്. സി. ഐ. നടത്തിവരുന്ന ക്ഷ്യധാന്യ മൊത്ത വിതരണം തുടർന്നു നടത്തുവാൻ സാദ്ധ്യമല്ലായെന്ന് ആവർത്തിച്ച് അറിയിച്ചതിനെത്തുടർന്ന് ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 18 മെയിൻ ഡിപ്പോകളും 22 സബ് ഡിപ്പോകളും ഉണ്ട്.

(സി) ജില്ലാ ആസ്ഥാന താലൂക്കുകളും ഒഴികെയുള്ള സ്ഥലങ്ങളിൽ റേഷൻ മൊത്തവിതരണം നടത്തുന്നത് സ്വകാര്യ ഏജൻസികളും സഹകരണാടിസ്ഥാനത്തിലുള്ള ഏജൻസികളും ആണ്. ആകെ 286 മൊത്ത വിതരണ ഏജൻസികൾ ഉള്ളതിൽ 240 എണ്ണം സ്വകാര്യ മേഖലയിലും 46 എണ്ണം സഹകരണ മേഖലയിലുമാണ്.

(ചോദ്യോത്തരസമയം അവസാനിച്ചു)

II. അടിയന്തിരപ്രമേയം

നെടുമങ്ങാട് ഗേൾസ് ഹൈസ്കൂളിലുണ്ടായ വിഷബാധ

മി. സ്പീക്കർ: 16-9-1985-ൽ നെടുമങ്ങാട് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ 130-ൽ അധികം പെൺകുട്ടികൾക്ക് അജ്ഞാത കാരണങ്ങളാൽ വിഷബാധയേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നതായ ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. വി. സുരേന്ദ്രനാഥ്, ശ്രീ. കോച്ചിയക്കോട് എൻ. കൃഷ്ണൻ നായർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 80 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.]

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, നെടുമങ്ങാട് ഗേൾസ് ഹൈസ്കൂളിൽ ഇന്നലെ രാവിലെ പത്തര മണിക്ക് ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ ചില വിദ്യാർത്ഥിനികൾക്ക് തലകറക്കവും മരവിപ്പും അനുഭവപ്പെടുകയുണ്ടായി. കണ്ണിരും വരികയുണ്ടായി. സ്കൂൾ കോമ്പൗണ്ടിനോടു ചേർന്നുള്ള കെട്ടിടത്തിലാണ് ഒമ്പതാം സ്റ്റാൻഡേർഡിലെ ക്ലാസ്സ് നടക്കുന്നത്. ആ ക്ലാസ്സിലെ കുട്ടികൾക്കാണ് ഇത് ആദ്യം അനുഭവപ്പെട്ടത്. ആദ്യം 16 കുട്ടികളെയും

LIBRARY ARCHIVES Kerala Legislative Assembly